**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1269** **27-07-2021 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം സീനിയർ ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കുന്നംകുളം സീനിയർ ഗ്രൗണ്ടിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിയ്ക്കുമെന്ന് വിശദമാക്കാമോ; | (എ) | കുന്നംകുളം സീനിയർ ഗ്രൗണ്ടിൽ ഖേലോ ഇന്ത്യ സ്കീം പ്രകാരം സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ച് കരാർ നൽകിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് പ്രസ്തുത പദ്ധതി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഫണ്ട് അനുവദിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഗ്രൗണ്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവ പരിപാലിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | കായിക വകുപ്പ് പൂർത്തീകരിച്ച ഫുട്ബോൾ ടർഫിന്റെയും മൈതാനത്തിന്റെയും പരിപാലനം നിലവിൽ കായികയുവജനകാര്യാലയം മുഖേന നടപ്പിലാക്കി വരികയാണ്. പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച ഇൻഡോർ സ്റ്റേഡിയത്തിന്റെ ബാക്കി പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കുന്നംകുളം ഗവൺമെന്റ് മോഡൽ ബോയ്സ് ഹൈസ്കൂളിൽ സ്പോർട്സ് ഡിവിഷൻ ആരംഭിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (സി) | കുന്നംകുളം ഗവൺമെൻറ് മോഡൽ ബോയ്സ് ഹൈസ്കൂളിൽ 7, 8 ക്ലാസ്സുകളിലേക്കായി ഓരോ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. നിലവിൽ സ്പോർട്സ് ഡിവിഷനുവേണ്ടിയുള്ള ഫുട്ബോൾ മൈതാനം, ഇൻഡോർ സ്റ്റേഡിയം എന്നിവ സജ്ജമാണ്. പുതിയ ഹോസ്റ്റൽ കെട്ടിടത്തിനായുള്ള ഡിസൈൻ പ്രവൃത്തികൾ, സ്പോർട്സ് ഡിവിഷനുകളിലെ കുട്ടികളുടെ ആവശ്യങ്ങൾക്കായുള്ള ഫർണിച്ചറുകൾ, സ്പോർട്സ് ഉപകരണങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്കായുള്ള ഇ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. പുതിയ അധ്യയന വർഷത്തിലെ സ്കൂൾ പ്രവേശനത്തിനത്തിനുള്ള നടപടികളും, പ്രസ്തുത ഡിവിഷനിലേക്ക് ആവശ്യമായ പരിശീലകരേയും മറ്റ് അനുബന്ധ ജീവനക്കാരേയും നിയമിക്കുന്നതിനും കുട്ടികൾക്ക് ആവശ്യമായ മെസ്സ് ആരംഭിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | കുട്ടികൾക്കുള്ള താത്ക്കാലിക താമസസൗകര്യങ്ങൾ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ